**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 496** **02-02-2023 - ൽ മറുപടിയ്ക്ക്**

**പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിലുള്ള പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കുന്നതിനായി നിയമിച്ചിരുന്ന സമിതിയുടെ റിപ്പോർട്ടിൻമേലുള്ള സർക്കാരിന്റെ പരിശോധന പൂർത്തിയായിട്ടുണ്ടോ; റിപ്പോർട്ട് നിലവിൽ ഏതു വകുപ്പിന്റെ പരിഗണനയിലാണുള്ളതെന്ന് അറിയിക്കുമോ; | (എ) | പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതുമായി ബന്ധപ്പെട്ട സാമ്പത്തിക/ നിയമവശങ്ങൾ ഉൾപ്പടെ വിവിധ വിഷയങ്ങൾ പരിശോധിക്കുന്നതിലേയ്ക്കായി സർക്കാർ നിയമിച്ച സമിതി സമർപ്പിച്ച റിപ്പോർട്ട് ധനകാര്യ വകുപ്പിൽ പരിശോധിച്ച് വരികയാണ്. പരിശോധന പൂർത്തിയായി റിപ്പോർട്ടിന്മേൽ സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടതിനുശേഷം ആയത് പ്രസിദ്ധീകരിക്കുന്നതാണ്. |
| (ബി) | പുന:പരിശോധന സമിതിയുടെ റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; സമിതി റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; റിപ്പോർട്ട് പ്രസിദ്ധീകരിക്കാതിരിക്കുന്നതിനുള്ള കാരണങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ ആയത് വിശദമാക്കുമോ; | (ബി) | പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതുമായി ബന്ധപ്പെട്ട സാമ്പത്തിക/ നിയമവശങ്ങൾ ഉൾപ്പടെ വിവിധ വിഷയങ്ങൾ പരിശോധിക്കുന്നതിലേയ്ക്കായി സർക്കാർ നിയമിച്ച സമിതി സമർപ്പിച്ച റിപ്പോർട്ട് ധനകാര്യ വകുപ്പിൽ പരിശോധിച്ച് വരികയാണ്. പരിശോധന പൂർത്തിയായി റിപ്പോർട്ടിന്മേൽ സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടതിനുശേഷം ആയത് പ്രസിദ്ധീകരിക്കുന്നതാണ്. |
| (സി) | സമിതി റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (സി) | പങ്കാളിത്ത പെൻഷൻ പുനഃപരിശോധന സമിതിയുടെ റിപ്പോർട്ടിലെ വിവിധ ശിപാർശകളിന്മേലുള്ള പരിശോധന സർക്കാർ തലത്തിൽ പുരോഗമിച്ചു വരികയാണ്. ആയതിന്മേൽ തീരുമാനമാകുന്നമുറയ്ക്ക് സർക്കാർ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (ഡി) | മറ്റ് പല സംസ്ഥാനങ്ങളും പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിച്ച സാഹചര്യത്തിൽ സംസ്ഥാനത്ത് പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിച്ച് സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതി | (ഡി) | പങ്കാളിത്ത പെൻഷൻ പുനഃപരിശോധന സമിതിയുടെ റിപ്പോർട്ടിലെ വിവിധ ശിപാർശകളിന്മേലുള്ള പരിശോധന സർക്കാർ തലത്തിൽ പുരോഗമിച്ചു വരികയാണ്. ആയതിന്മേൽ |

| | | | |
|---|---|---|---|
| | നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോയെന്ന് വിശദമാക്കുമോ? | | തീരുമാനമാകുന്നമുറയ്ക്ക് സർക്കാർ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ